പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 441 — 27/9/2011 ൽ മറുപടിയ്ക്ക്

## രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ

ചോദ്യം — ഉത്തരം

ശ്രീമതി.പി.അയിഷാപോറ്റി : — ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി:

| | |
|---|---|
| (എ) കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ; | (എ) കേരളത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു |
| (ബി) രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളുടെ മറവിൽ നടത്തുന്ന പലവിധ തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി). ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു? | (സി). സംസ്ഥാനത്ത് അനാഥാലയങ്ങൾക്കും മറ്റ് ധർമ്മ സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുന്നതും നിയന്ത്രിക്കുന്നതും ഓർഫനേജ് കൺട്രോൾ ബോർഡ് ആണ്. അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാതല പ്രൊബേഷൻ ഓഫീസർ |

| | |
|---|---|
| | കൺവീനറുമായ ജില്ലാതല മോണിറ്ററിംഗ് സെല്ലിൽ 11 അംഗങ്ങളുണ്ട്. ജില്ലാ കളക്ടറുടെ പ്രതിനിധി, ജില്ലാ പോലീസ് സൂപ്രണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ , എക്സിക്യൂട്ടീവ് എൻജിനീയർ, **KSEB** , ജില്ലാ മെഡിക്കൽ ഓഫീസർ, രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവരാണ് മറ്റംഗങ്ങൾ. അനധികൃതമായി നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഓർഫനേജ് ആക്ട്, 1960 സെക്ഷൻ 25 പ്രകാരം ജില്ലാ കളക്ടർക്കാണ്. |

(അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്)

R. Vijay

സെക്ഷൻ ഓഫീസർ